# 13. രോഗാണു-ആയുധങ്ങൾ

ശത്രുപക്ഷത്തുള്ളവരെ കൊന്നൊടുക്കലാണ് യുദ്ധത്തിന്റെ ലക്ഷ്യം. ഇതിന്റെ അർത്ഥം, എന്തു ക്രൂരതയും യുദ്ധത്തിൽ അനുവദനീയമാണ് എന്നല്ല. യുദ്ധം ചെയ്യുന്നത്, പരിഷ്കൃതരാണ് തങ്ങൾ എന്ന് അഭിമാനിക്കുന്ന മനുഷ്യരാണല്ലോ. മനുഷ്യത്വത്തെ നടുക്കുന്ന കർമങ്ങൾ, യുദ്ധത്തിലാണെങ്കിലും ചെയ്യാൻ മനസ്സാക്ഷി മനുഷ്യനെ അനുവദിക്കുകയില്ല. അതിനാൽ യുദ്ധനടത്തിപ്പു സംബന്ധിച്ച് ഏതാനും നിയമങ്ങൾ ചരിത്രഗതിയിലൂടെ ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. ലോകത്തിലെ മിക്ക രാജ്യങ്ങളും ഈ നിയമങ്ങൾ സ്വമനസ്സാലെ അംഗീകരിച്ചിട്ടുമുണ്ട്.

പക്ഷേ, യുദ്ധം തുടങ്ങിക്കഴിഞ്ഞാൽപ്പിന്നെ ഈ നിയമങ്ങൾ പലപ്പോഴും പാലിക്കപ്പെടാറില്ല. ഉദാഹരണത്തിന്, നിരായുധരായ സിവിലിയൻ ജനങ്ങളുടെമേൽ ബോംബു വർഷിക്കുന്നതു നിയമവിരുദ്ധമാണ്. വിദ്യാലയങ്ങൾ, ആസ്പത്രികൾ മുതലായവ ഒരുകാലത്തും ആക്രമിക്കപ്പെട്ടുകൂടാ. പറഞ്ഞിട്ടെന്താണ്? പലപ്പോഴും യുദ്ധം ആരംഭിക്കുന്നതുതന്നെ നിരായുധങ്ങളും അരക്ഷിതങ്ങളുമായ തുറന്ന നഗരങ്ങളുടെമേൽ ബോംബുകൾ വാരിവിതച്ചുകൊണ്ടാണ്. ആസ്പത്രികളെ തിരഞ്ഞെടുത്ത് ആക്രമണത്തിനു ലക്ഷ്യമാക്കിയ ഉദാഹരണങ്ങളും കുറവല്ല.

വിഷമയങ്ങളായ രാസവസ്തുക്കൾ ശത്രുക്കളുടെമേൽ വർഷിക്കുന്നത് യുദ്ധത്തിൽ നിരോധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, വിയറ്റ്നാമിൽ അമേരിക്ക വളരെ വ്യാപകമായ തോതിൽ രാസവിഷങ്ങൾ വർഷിക്കുകയുണ്ടായി. ഈ രാസവിഷങ്ങൾ ദേഹത്തിൽപ്പുരണ്ട അമേരിക്കൻ പട്ടാളക്കാരിൽ പലരും അംഗഭംഗം വന്നും നിത്യരോഗികളായും ഇപ്പോഴും അമേരിക്കയിൽ ജീവിച്ചിരിപ്പുണ്ട്. അവർക്കു പിറക്കുന്ന കുട്ടികൾ വികലാംഗരായും കാണപ്പെടുന്നു. ഇത് അമേരിക്കയുടെ സ്വന്തം പട്ടാളക്കാരുടെ കാര്യം. രാസവിഷവർഷത്തിനു പ്രധാനമായും ഇരയായി ഉദ്ദേശിക്കപ്പെട്ട വിയറ്റ്നാംകാരുടെ സ്ഥിതി എന്തായെന്ന് ആരും അന്വേഷിക്കാറില്ല.

രാസവിഷങ്ങളേക്കാൾ മാരകങ്ങളാണ് രോഗാണുക്കൾ. പ്ലേഗ്, കോളറ മുതലായ ഭയങ്കരങ്ങളായ പകർച്ചവ്യാധികളുടെ അണുക്കളെ ലാബറട്ടറികളിൽ ഇഷ്ടംപോലെ വളർത്താൻ കഴിയും. ഈ രോഗാണുക്കളെ ശത്രുരാജ്യങ്ങളിൽ കൊണ്ടുപോയി വർഷിച്ചാലോ? അവിടെ അവ മനുഷ്യരിൽനിന്നു മനുഷ്യരിലേക്ക് അതിവേഗം പകരും; വൻതോതിൽ മരണം ഉളവാക്കും; ചെറുത്തുനില്ക്കാനുള്ള ശത്രുവിന്റെ കരുത്ത് നശിപ്പിക്കുകയും ചെയ്യും. അതിനാൽ, ശത്രുക്കൾക്കിടയിൽ രോഗാണുക്കൾ പരത്താൻ യുദ്ധത്തിലേർപ്പെട്ട രാജ്യങ്ങൾ ശ്രമിക്കുകയെന്നത് സംഭാവ്യമാണ്.

കൊറിയയിലെ ആഭ്യന്തരയുദ്ധത്തിലിടപെട്ടിരുന്ന കാലത്ത് അമേരിക്ക അവിടെ രോഗാണുക്കൾ വർഷിച്ചിരുന്നതായി ആരോപണമുണ്ടായിരുന്നു. യുദ്ധമൊന്നും ഇല്ലാതിരിക്കെത്തന്നെ, ക്യൂബയുടെ സമ്പദ്ഘടന തകരാറിലാക്കാൻ അവിടെ ആന്ത്രാക്സ് എന്ന കന്നുകാലിരോഗത്തിന്റെ ബീജങ്ങൾ അമേരിക്ക പരത്തിയതായി കാസ്ട്രോ ആരോപിച്ചിരുന്നു. ക്യൂബയിലെ ഒരു പ്രധാന വ്യവസായമായ കാലിവളർത്തൽ തകരാറിലാക്കാനായിരുന്നുവത്രേ ഇത്. ഇതുപോലെ, പാകിസ്ഥാനിൽ അമേരിക്ക സ്ഥാപിച്ച ഒരു ലാബറട്ടറിയിൽ വളർത്തിയിരുന്ന മലേറിയാ അണുക്കളെ പരത്തുന്ന കൊതുക്കൾ ലാബറട്ടറിയിൽനിന്ന് രക്ഷപ്പെട്ട് ചുറ്റുമുള്ള പാകിസ്ഥാനിഗ്രാമങ്ങളിൽ മലമ്പനി പരത്തിവരുന്നതായി ഒരു റിപ്പോർട്ട്

അടുത്തകാലത്തു പത്രങ്ങളിൽ വന്നിരുന്നു. അമേരിക്ക ഇതെല്ലാം ശക്തി പൂർവം നിഷേധിച്ചിട്ടുണ്ടെന്ന വസ്തുതയും പ്രസ്താവ്യമാണ്. പക്ഷേ, പലപ്പോഴും നിഷേധങ്ങൾ ആരോപണങ്ങളെ സാധൂകരിക്കുകയാണു ചെയ്യുന്നതു്.

രണ്ടാം മഹായുദ്ധക്കാലത്തു രോഗാണുക്കളെ ആയുധങ്ങളായി ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് ജപ്പാൻ നടത്തിയിരുന്ന ഗവേഷണങ്ങൾ സംബന്ധിച്ച ചില വിവരങ്ങൾ ഇപ്പോൾ പുറത്തു വന്നിട്ടുണ്ട്. ഏപ്രിൽ 19-ാംതീയതിയിലെ 'ന്യൂസ്‌വീക്ക്' വാരിക ഈ ഗവേഷണങ്ങളുടെ ഏതാനും വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നു. ജപ്പാനിലെ ഏററവും മികച്ച ഡോക്ടർമാരും ശാസ്ത്രജ്ഞന്മാരുമായിരുന്നുവത്രേ ഈ ഗവേഷണങ്ങൾ നടത്തിയിരുന്നതു്. അവർ ഇതിനു ബലിമൃഗങ്ങളായി ഉപയോഗിച്ചിരുന്നതു് തടവുകാരായി പിടിച്ച ചൈനക്കാരെയും മംഗോളിയക്കാരെയും റഷ്യക്കാരെയും അമേരിക്കക്കാരെയും ആയിരുന്നു. ശത്രുരാജ്യങ്ങളിൽ രോഗാണുക്കൾ വർഷിക്കുമ്പോൾ, അരോഗമായ ശരീരത്തിൽ രോഗാണുക്കളുടെ ആക്രമണംമൂലം ഉളവാകുന്ന ഫലങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുകയായിരുന്നു ഈ ഗവേഷണങ്ങളുടെ ലക്ഷ്യം. തങ്ങളുടെ തടവുകാരുടെ മേൽ ടൈഫസ്, വസൂരി, കോളറ മുതലായ ഘോരരോഗങ്ങളുടെ അണുക്കൾ ഈ ജാപ്പനീസ് ശാസ്ത്രജ്ഞന്മാർ കത്തിവെച്ചു. ഏതാനും സ്ത്രീകളുടെ ശരീരത്തിൽ സിഫിലിസ് അണുക്കൾ കടത്തിവിട്ടു. ഗവേഷണം പൂർണമായപ്പോൾ, 'ബലിമൃഗ'ങ്ങളെ മുഴുവൻ കൊന്നൊടുക്കുകയും ചെയ്തു. അവർ പിന്നീട് എപ്പോഴെങ്കിലും ഈ നീചമായ പരീക്ഷണത്തെപ്പററി സാക്ഷിപറയാൻ ജീവിച്ചിരിക്കുന്നതെന്തിനു്? അങ്ങനെ ഈ ഗവേഷണത്തിൽ മൂവായിരത്തിലധികം തടവുകാർ കൊല്ലപ്പെട്ടുവത്രേ.

ജാപ്പനീസ് സൈന്യത്തിലെ ഒരു വിഭാഗം രണ്ടാം മഹായുദ്ധക്കാലത്തു് രോഗാണുക്കളെ ആയുധങ്ങളായി ഉപയോഗിക്കുന്നതു സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുകയുണ്ടായെന്ന് ഈയിടെ ജാപ്പനീസ് ഗവണ്മെൻറ് തുറന്നുസമ്മതിച്ചു. ജാപ്പനീസ് പ്രധാനമന്ത്രിയുടെ സ്റ്റാഫിലുള്ള കുനിയോത ഹബേ എന്ന ഉദ്യോഗസ്ഥൻ ഈ നടപടിയെ ജാപ്പനീസ് പാർലമെൻറിൽ ന്യായീകരിക്കുകയും ചെയ്തു. യുദ്ധകാലത്തെ അസാധാരണ പരിതഃസ്ഥിതിയിലാണല്ലോ ഇതെല്ലാം നടന്നതു്। അക്കാലത്തു് മനുഷ്യർ ചെയ്യാത്തതൊന്നുമില്ല. എന്നാലും, മനുഷ്യത്വത്തിൻെറ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, ഇതു് അത്യന്തം പരിതാപകരമായിപ്പോയി എന്നും അദ്ദേഹം പാർലമെൻറിൽ പറഞ്ഞു.

ജാപ്പനീസ് സൈന്യത്തിലെ 731-ാം യൂണിററാണ് ഈ ക്രൂരതകളെല്ലാം ചെയ്തതു്. ഈ യൂണിററിലെ അംഗങ്ങളിൽനിന്നു ശേഖരിച്ച വിവരങ്ങൾ സെയിച്ചിമോറിമുറ എന്ന ഒരു ജാപ്പനീസ് നോവലിസ്റ്റ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. '1930 മുതൽ 1945 വരെ ജപ്പാൻ തയ്യാറാക്കിയ രോഗാണു—ആയുധങ്ങൾ' എന്ന ഒരു നീണ്ട റിപ്പോർട്ട് അമേരിക്കയിലെ അണുശാസ്ത്രജ്ഞന്മാരുടെ ഒരു ആനുകാലിക പ്രസിദ്ധീകരണത്തിലും ചേർത്തിരുന്നു. മോറിമുറയുടെ പുസ്തകവും ഈ റിപ്പോർട്ടുമാണ് പാർലമെൻറിൽ ഒരു പ്രസ്താവന ചെയ്യാൻ ജപ്പാനിലെ പ്രധാനമന്ത്രി കാര്യാലയത്തിലെ ഒരു ഉദ്യോഗസ്ഥനെ നിർബദ്ധനാക്കിയതു്.

കഥ, നിർഭാഗ്യവശാൽ ഇവിടെ അവസാനിക്കുന്നില്ല. ആററംബോംബ് പ്രയോഗത്തെ തുടർന്ന് ജപ്പാൻ പട്ടാളം അമേരിക്കയ്ക്കു കീഴടങ്ങിയപ്പോൾ, രോഗാണു യുദ്ധഗവേഷണം നടത്തിയിരുന്ന 731-ാം യൂണിററിലെ അംഗങ്ങൾക്ക് അമേരിക്കൻ പട്ടാളാധികൃതർ സംരക്ഷണം വാഗ്ദാനം ചെയ്തു. യുദ്ധകുററവാളികൾ എന്ന നിലയിൽ അവരെ വിചാരണ ചെയ്യേണ്ടതായിരുന്നു; അങ്ങനെ ചെയ്തില്ല. ഈ സംരക്ഷണത്തിനു പകരമായി,

അവരുടെ ലാബറട്ടറിയിലുണ്ടായിരുന്ന രേഖകൾ മുഴുവൻ അമേരിക്കൻ പട്ടാളാധികൃതർ കൈവശപ്പെടുത്തി.

ഹിററ്ലറുടെ കീഴിൽ ജർമനിയിൽ യോസെഫ് മെൻഗലെ എന്ന ഒരു ഡോക്ടർ രോഗാണുയുദ്ധഗവേഷണം നടത്തിയിരുന്നു. ഇതു കാണാനിടവന്ന ജപ്പാൻകാരൻ ഡോക്ടർ ഷിരോ ഇഷിയിയാണ് ജപ്പാനിൽ ഈ ഗവേഷണം തുടങ്ങിയതു്. രോഗാണു ആയുധങ്ങൾക്കു ചിലവു കുറവും ഫലം കൂടുതലുമാണ് എന്ന് ഈ ഡോക്ടർ ജാപ്പനീസ് പട്ടാളാധികൃതരെ കാര്യകാരണസഹിതം ബോദ്ധ്യപ്പെടുത്തി. 'പകർച്ചവ്യാധി നിരോധന-ജലവിതരണകേന്ദ്ര ആപ്പീസ്'' എന്ന പേരിൽ, രോഗാണുക്കളെ വൻതോതിൽ വളർത്തിയെടുക്കുന്ന മൂന്ന് ലാബറട്ടറികളെങ്കിലും ജാപ്പനീസ് പട്ടാളാധികൃതർ നിർമിക്കുകയും ചെയ്തു. തടവുകാരായി പിടിച്ച ചൈനീസ്-റഷ്യൻ-മംഗോളിയൻ സൈനികരെയാണ് ആദ്യം പരീക്ഷണവിധേയരാക്കിയതു്. പിന്നീട് പത്രപ്രവർത്തകർ, പണ്ഡിതന്മാർ, സാധാരണക്കാർ എന്നിങ്ങനെ, പട്ടാളക്കാരല്ലാത്ത സിവിലിയന്മാരെയും ധാരാളമായി ഇതിനുപയോഗപ്പെടുത്തി. ഈ ആവശ്യത്തിനു് ആളെ പിടിച്ചുകൊടുത്തിരുന്നതു് ജാപ്പനീസ് മിലിട്ടറി പോലീസ് ആയിരുന്നു. അമേരിക്കൻ തടവുകാരെയും ഈ കാര്യത്തിനു പിന്നീട പിന്നീട് ഉപയോഗപ്പെടുത്തിവന്നു. തടവുകാർക്കു് ആദ്യം കുറേക്കാലം നല്ല ഭക്ഷണവും കുളിക്കാനും ഉറങ്ങാനും സൗകര്യവും കൊടുക്കും. ആരോഗ്യമുള്ളവരുടെമേൽ വ്യത്യസ്ത രോഗാണുക്കൾ കടത്തിവിട്ട്, അവയുടെ ആക്രമണത്തിനു കീഴ്പെടുന്ന സമയത്തു് അവരുടെ ചോരയും അന്തരവയവങ്ങളും ശേഖരിക്കേണ്ടതാവശ്യമായിരുന്നു!

ഈ രാക്ഷസീയ പരീക്ഷണങ്ങളുടെ വിവരം 1949-ൽതന്നെ പുറത്തായിരുന്നു. അക്കാലത്തു് സോവിയററ് യൂണിയൻ തടവുകാരായി പിടിച്ച പന്ത്രണ്ട് പട്ടാളാധികൃതരെ രോഗാണുയുദ്ധഗവേഷണക്കുററം ചുമത്തി വിചാരണ ചെയ്യുകയുണ്ടായി. അമേരിക്കയ്ക്കും റഷ്യയ്ക്കുമിടയിൽ ശീതയുദ്ധം മുറുകിയ കാലമായിരുന്നു അതു്. ഇതൊക്കെ റഷ്യയുടെ പ്രചാരവേലയാണെന്നു പറഞ്ഞ് അമേരിക്ക, റഷ്യ നടത്തിയ വിചാരണയുടെ വിവരങ്ങൾ തള്ളിക്കളഞ്ഞു. അമേരിക്കയ്ക്കു് ആവശ്യം ജപ്പാൻ നടത്തിയ രോഗാണു ഗവേഷണങ്ങളുടെ ഫലമായിരുന്നു. അവ മററാർക്കും കിട്ടാതെ തങ്ങൾക്കു മാത്രമായി ഉപയോഗപ്പെടണമെന്ന് അമേരിക്കൻ പട്ടാളാധികൃതർ ആഗ്രഹിച്ചു. ഒരുപക്ഷേ, കൊറിയയിലും മററും രോഗാണുക്കളെ വർഷിച്ച്, ജപ്പാൻകാർ നല്കിയ വിവരങ്ങൾ ശരിയോ എന്ന് അവർ പരിശോധിച്ചിട്ടുണ്ടായിരിക്കണം.

ഈ രോഗാണു-ആയുധഗവേഷണങ്ങളെപ്പററി ജപ്പാനിൽ ഇതിനകം എട്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയം പ്രതിപാദിക്കുന്ന ഒരു ടെലിവിഷൻ ഡോക്യുമെൻററി ചിത്രവും അവിടെ തയ്യാറാക്കി പ്രദർശിപ്പിച്ചിട്ടുണ്ട്. അമേരിക്കയിൽ ഈ വിഷയം സംബന്ധിച്ച പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ 1947-ലെ രേഖകളുടെ ചിത്രങ്ങൾ ചേർത്തിട്ടുണ്ട്. ഇവയിൽനിന്ന്, അമേരിക്കൻ ഉദ്യോഗസ്ഥർ ജപ്പാൻെറ രോഗാണു—ആയുധ ഗവേഷണത്തെപ്പററി യുദ്ധാവസാനകാലത്തു് അറിഞ്ഞിരുന്നു എന്ന് അനിഷേധ്യമായി തെളിയുന്നുണ്ടത്രേ. 'രോഗാണുക്കളെ മാരകായുധങ്ങളായി ഉപയോഗിക്കുന്നതിൽ ജപ്പാൻ നേടിയ വൈദഗ്ദ്ധ്യം തങ്ങൾക്കു മാത്രമായി കൈയടക്കണമെന്ന ആഗ്രഹംമൂലമാണ് അമേരിക്കൻ ഗവണ്മെൻറ് ഈ അതിക്രമം മൂടിവെച്ചതു്'' എന്ന് ആ റിപ്പോർട്ടിൽ പ്രകടമായി പറയുന്നു. എങ്കിലും, അമേരിക്കൻ പട്ടാളാധികൃതന്മാർ ഇപ്പോഴുമിക്കാര്യത്തിൽ മൗനം പാലിക്കുകയാണ്. പക്ഷേ, ജപ്പാനിൽ

മി. മോറിമുറയുടെ പുസ്തകത്തിന്റെ പത്തു ലക്ഷത്തിലധികം കോപ്പികൾ ഇതിനകം വിറ്റുകഴിഞ്ഞിട്ടുണ്ട്.

ഇനിയൊരു യുദ്ധമുണ്ടായാൽ അതിൽ അണു—ആയുധങ്ങൾക്കു പുറമേ രോഗാണു—ആയുധങ്ങളും ധാരാളമായി പ്രയോഗിക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്നതാണ് ഈ സംഭവപരമ്പര നല്കുന്ന ഗുണപാഠം.

29-ഏപ്രിൽ, 1982

# 14. രാസ—ആയുധങ്ങൾ

മനുഷ്യരെ കൂട്ടത്തോടെ കൊല്ലാൻ ഉതകുന്ന പല ആയുധങ്ങളുമുണ്ട്. അവയിൽ ഏററവും പൈശാചികമായവ രാസ—ആയുധങ്ങളാകുന്നു. രാസ—ആയുധങ്ങൾ പലതരത്തിൽ നിർമിക്കപ്പെട്ടിട്ടുണ്ട്. 'ഞരമ്പു ഘാതകം' (നെർവ് ഗ്യാസ്) എന്നു വിളിക്കപ്പെട്ട ഒരുതരം രാസവസ്തു പീരങ്കിയുണ്ടയിലും ബോംബിലും നിറച്ചു ശത്രുമദ്ധ്യത്തിലേക്ക് ഒന്നാം മഹായുദ്ധത്തിൽ പ്രയോഗിക്കുകയുണ്ടായി. ഉണ്ടയും ബോംബും പൊട്ടിത്തെറിച്ചാലുടനെ, അവയിലടക്കം ചെയ്ത രാസവസ്തു ഘാതകമായി മാറി വായുവിൽ അലിഞ്ഞുചേരുന്നു. ഈ വായു ശ്വസിക്കുന്നവരുടെ മൂക്കിൽനിന്നും വായിൽനിന്നും ഉടൻ ചോര ഒഴുകിത്തുടങ്ങുന്നു. അവർ കഠിനമായി പിടഞ്ഞു മരിക്കുകയും ചെയ്യുന്നു. മരിക്കുന്നതു് ഏതാനും മിനിട്ടുകൾക്കകമാവാം; ഏതാനും ദിവസങ്ങൾക്കു ശേഷമായി എന്നും വരാം.

വളരെ പ്രാകൃതമായിരുന്നു ഒന്നാം മഹായുദ്ധത്തിൽ പ്രയോഗിക്കപ്പെട്ട രാസ—ആയുധങ്ങൾ. കാരണം, അന്ന് അവ പരീക്ഷിച്ചുനോക്കാൻ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും അവയുടെ ബീഭത്സതയും ക്രൗര്യവും മനുഷ്യ മനസ്സാക്ഷിയെ നടുക്കിക്കളഞ്ഞു. യുദ്ധം ഒഴിവാക്കാനാവില്ലെങ്കിൽക്കൂടി, യുദ്ധത്തിൽ രാസ—ആയുധങ്ങളുടെ പ്രയോഗം ഒഴിവാക്കുക തന്നെ വേണമെന്നു മനുഷ്യവർഗം ആഗ്രഹിച്ചു. 1925-ൽ ലീഗ് ഓഫ് നേഷൻസ് എന്ന സാർവലൗകിക സംഘടനയുടെ ആസ്ഥാനമായിരുന്ന ജനീവ നഗരത്തിൽവെച്ച്, യുദ്ധത്തിൽ രാസ—ആയുധങ്ങളുടെ പ്രയോഗം നിരോധിക്കുന്ന ഒരു ഉടമ്പടിയിൽ അമേരിക്കയും സോവ്യററ് യൂനിയനും അടക്കം അന്നു മുമ്പന്തിയിൽ നിന്നിരുന്ന എല്ലാ രാജ്യങ്ങളുടെയും പ്രതിനിധികൾ ഒപ്പുവെച്ചു.

ഇങ്ങനെ നിയമപ്രകാരം നിരോധിച്ചെങ്കിലും, രാസ—ആയുധങ്ങളുടെ നിർമാണവും, യുദ്ധരംഗത്തിൽ പരീക്ഷണവും രഹസ്യമായി തുടർന്നുവന്നു. ചെറിയ തോതിൽ പല പടക്കളങ്ങളിലും രാസ—ആയുധങ്ങൾ പ്രയോഗിക്കപ്പെട്ടതായി ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. യുദ്ധരംഗത്തിൽ ഉപയോഗിക്കുന്നതിനുദ്ദേശിച്ചുള്ള വിഷവസ്തുക്കളുടെ നിർമാണം അമേരിക്ക പൂർണമായും നിർത്തിവെച്ചതു് 1969-ൽ മാത്രമായിരുന്നു.

വിയററ്നാമിൽ വ്യാപകമായി 'ഏജെൻററ് ഓറെഞ്ച്' എന്ന രാസവിഷം അമേരിക്ക ഉപയോഗിക്കുകയുണ്ടായി. വിയററ്നാംകാരുടെ നെല്പാടങ്ങളും വിയററ്നാം ഒളിഭടന്മാർ ഒളിച്ചു പാർത്തിരുന്ന കാടുകളും നശിപ്പിക്കാനാണ് വിമാനത്തിൽനിന്ന് ഈ രാസവിഷം തളിച്ചിരുന്നതു്. അബദ്ധവശാൽ ഈ രാസവസ്തു അന്നു വിയററ്നാമിലുണ്ടായിരുന്ന ചില അമേരിക്കൻ ഭടന്മാരുടെ ശരീരത്തിലും പുരണ്ടുപോയി. ഇതിന്റെ ഫലമായി നിത്യരോഗബാധിതരായിത്തീർന്ന ഏതാനും അമേരിക്കൻ ഭടന്മാരുടെയും, കൈകാലുകളോ അവയിൽ വിരലുകളോ ഇല്ലാതെയും, ജുഗുപ്സാ